(ബി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് പുത്തിഗെ വില്ലേജിൽ റീ.സ. നമ്പർ 130/പി.റ്റി-ൽ പെട്ട 1.90 ഏക്കർ സ്ഥലം വ്യവസായിക പരിശീലന വകുപ്പിനു കൈമാറുന്നതുമായി ബന്ധപ്പെട്ട 53543/എൽ. 1/2012/ റവന്യൂ ഡിപ്പാർട്ട്മെന്റ് എന്ന ഫയലിൻമേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഫയലിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സീതാംഗോളി സർക്കാർ ഐ.ടി.ഐ-യ്ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് വ്യാവസായിക പരിശീലന വകുപ്പിന് ഭൂമി കൈമാറ്റത്തിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

(ബി) സീതാംഗോളി സർക്കാർ ഐ.ടി.ഐ-യ്ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് വ്യാവസായിക പരിശീലന വകുപ്പിന് കൈമാറ്റത്തിന് നിർദ്ദേശിക്കപ്പെട്ട 1.90 ഏക്കർ ഭൂമിയിൽ ഒരു ഭാഗത്ത് 11 kv ഹൈടെൻഷൻ ഇലക്ട്രിക് ലൈനും വാട്ടർടാങ്കും ഉള്ളതിനാൽ 0.60 ഏക്കർ സ്ഥലം ഒഴിവാക്കി 1.30 ഏക്കർ ഭൂമിയിൽ വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള അപകട സാദ്ധ്യതകൾ ഉണ്ടോയെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചു വരികയാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

മിച്ചഭൂമി ഉള്ളവർക്ക് പട്ടയം

133(4764) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭ 17-7-2014-ന് പാസ്സാക്കിയ ഭൂപരിഷ്കരണ ഭേദഗതി നിയമമനുസരിച്ച് മിച്ചഭൂമി ആണെന്നറിയാതെ വാങ്ങി കൈവശം വയ്ക്കുന്ന നാല് എക്കർവരെ ഭൂമിയുടെ പട്ടയം ലഭിക്കാൻ അർഹതയുള്ളവർ എത്രയാണെന്ന കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഭൂപരിഷ്കരണ ആക്ട് നിലവിൽ വന്ന 1963-നും ഭേദഗതി നിലവിൽ വന്ന 2005-നും ഇടയിൽ വിലകൊടുത്ത് വാങ്ങിയോ അല്ലാതെയോ സ്വന്തമാക്കിയ മിച്ചഭൂമി എത്രയാണെന്ന കണക്കുകൾ ലഭ്യമാണോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നാല് ഏക്കറിന് കൂടുതൽ ഇപ്രകാരം കൈവശം വച്ച് വന്നവരിൽ നിന്നും നിയമം നിലവിൽ വന്നതിനുശേഷം എത്ര ഏക്കർ ഭൂമി മിച്ചഭൂമിയായി ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) കേരള ഭൂപരിഷ്കരണ നിയമം നിലവിൽ വന്നത് മുതൽ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം, 2005 പ്രാബല്യത്തിൽ വന്നതുവരെയുള്ള കാലയളവിൽ മിച്ചഭൂമിയാണ് എന്നറിയാതെ ജന്മിമാരിൽ നിന്നും വില നൽകി വാങ്ങിയതോ മറ്റ് വിധത്തിലോ നാല് ഏക്കർ ഭൂമി വരെ കൈവശം വച്ചുവരുന്നവരെ കുടിയാനായി കണക്കാക്കുന്നതിനായിട്ടാണ് കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ല്, 2013-ലൂടെ ലക്ഷ്യമിടുന്നത്. ടി ബില്ല് കേരള നിയമസഭ പാസാക്കിയിട്ടുണ്ട്. ആയത് ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചതിനു ശേഷം ടി നിയമത്തിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ച് ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിയമം പ്രാബല്യത്തിൽ വരുന്ന തീയതിക്ക് ശേഷം ലഭ്യമാകുന്ന അപേക്ഷകൾ കൂടി പരിഗണിച്ചുകൊണ്ട് മാത്രമേ പട്ടയം ലഭിക്കാൻ അർഹതയുള്ളവരുടെ എണ്ണവും സർക്കാരിന് ലഭിക്കുന്ന മിച്ചഭൂമിയുടെ കണക്കും ലഭ്യമാകുകയുള്ളൂ.

ചേർത്തല മിനിസിവിൽ സ്റ്റേഷൻ ശുചിയാക്കാൻ നടപടി

134(4765) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല മിനിസിവിൽ സ്റ്റേഷൻ കെട്ടിടവും പരിസരവും വൃത്തിയാക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത് എന്ന് വ്യക്തമാക്കുമോ; തിരക്കേറിയ ഈ ഓഫീസിലെത്തുന്ന ജനങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങൾക്കും വിശ്രമിക്കുന്നതിനും യാതൊരു സംവിധാനവും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടം വൃത്തിഹീനമായി കിടക്കുന്നതിനാൽ പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മിനി സിവിൽസ്റ്റേഷന്റെ സമഗ്രമായ ശുചീകരണത്തിനും ഓഫീസുകളുടെയും കോമ്പൗണ്ടിന്റെയും സംരക്ഷണത്തിനും വേണ്ട ക്രമീകരണങ്ങൾ ഉണ്ടാക്കുമോ ;

(ബി) ചേർത്തല മിനി സിവിൽ സ്റ്റേഷനിൽ രാത്രികാല ഡ്യൂട്ടിക്ക് ഒരു വാച്ച്മാനെ നിയമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly